# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4356** **17.05.2017-ൽ മറുപടിക്ക്**

## കാൻസർ രോഗബാധിതരുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കാൻസർ രോഗബാധിതരുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നുണ്ടോ; ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | എ) | ഉണ്ട്. ഭക്ഷണ രീതി, ജീവിതശൈലിയിലുള്ള മാറ്റം പുകയില ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വർദ്ധിച്ച വരുന്ന ഉപയോഗം, കീടനാശിനികളുടെ ഉപയോഗം മുതലായവയാണ് പ്രധാനമായും കാൻസർ വർദ്ധിക്കുവാൻ കാരണമാകുന്നത്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. |
| ബി) | ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബോധവത്കരണ പരിപാടികൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | ബി) | ജീവിതശൈലീ രോഗമായ കാൻസറിനെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും നല്ലതായ ജീവിതശൈലീ അവലംബിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും ആർ.സി.സിയുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുഖേന നൽകി വരുന്നു. ഇതിലൂടെ മുൻകൂർ രോഗ നിർണ്ണയത്തിന്റെ പ്രാധാന്യം ജനങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും, ഫലപ്രദമായ ചികിത്സ നൽകുവാനും സാധിക്കും. മുൻകൂർ രോഗനിർണ്ണയത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്കും (പ്രാഥമിക ആരോഗ്യകേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, റഫറൽ യൂണിറ്റ്, ജില്ലാ ആശുപത്രി), നേഴ്സുമാർക്കും, ആരോഗ്യ പ്രവർത്തകർക്കും കാൻസർ രോഗ നിർണ്ണയത്തിനുള്ള പദ്ധതികളും പരിശീലന പരിപാടികളും നടത്തി വരുന്നു. 2014 ജനുവരി മാസം കേരള ആരോഗ്യ വകുപ്പും, എൻ.ആർ.എച്ച്.എം ഉം ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടമായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലുള്ള എൻ.ആർഎച്ച്.എം. ഡോക്ടർമാർക്കും, നേഴ്സുമാർക്കും കാൻസർ ബോധവത്ക്കരണ ക്ലാസ്സുകളും, കാൻസർ പ്രായോഗിക പരിശീലനവും ആർ.സി.സി നൽകി വരുന്നു.<br><br>മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവത്ക്കരണത്തിനും, കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും, ക്യാമ്പുകളും നടത്തി വരുന്നു. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി നൽകി |

| | | | |
|---|---|---|---|
| | | | വരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>ചിട്ടയായ വ്യായാമം, ആരോഗ്യപരമായ ഭക്ഷണം, ലഹരിമുക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവത്ക്കരണം സ്കൂൾതലം മുതൽ വിവിധ വിഭാഗങ്ങൾക്ക് ആരോഗ്യ വകുപ്പ് നൽകി വരുന്നു. ഇതിനായി കാൻസർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ സാമ്പത്തിക വർഷവും ഫണ്ട് വകയിരുത്താറുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ കാൻസർ ബോധവത്ക്കരണ ക്ലാസ്സുകളും, രോഗനിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ ഫീൽഡ് ജീവനക്കാർ, ആശ വർക്കർമാർ അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ബോധവത്ക്കരണ പരിപാടികൾ നടത്തി വരുന്നത്. |
| സി) | ഈ സാഹചര്യത്തിൽ എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള ക്ലിനിക്കുകൾ ആരംഭിയ്ക്കുമോ? | സി) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന കാൻസർ രോഗികളുടെ വർദ്ധനയ്ക്ക് ആനുപാതികമായ സേവനം നൽകുന്നതിന് നിലവിലുള്ള സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ ചികിത്സയ്ക്കും, നിർണ്ണയത്തിനും, ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്ത് 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തികൊണ്ട് കാൻസർ ചികിത്സാ രംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ